**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3977** **15-07-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ സ്റ്റോക്കിൽ ക്രമക്കേട് കാട്ടുന്നവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്റഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കാർഡ് ഉടമകൾ അറിയാതെ റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഉണ്ടായിട്ടില്ല. ഇ-പോസ് സംവിധാനത്തിൽ ആധാർ ഓതന്റിക്കേഷൻ മുഖേന മാത്രമേ റേഷൻ സാധനങ്ങൾ വിതരണം ചെയ്യുവാൻ കഴിയൂ. ഇത് സാധ്യമാവാത്ത അവസരമുണ്ടെങ്കിൽ റേഷൻ കാർഡിൽ ബന്ധിപ്പിച്ചിരിക്കുന്ന ഫോൺ നമ്പരിലേയ്ക്ക് വരുന്ന OTP ഉപയോഗിച്ചും റേഷൻ സാധനങ്ങൾ വാങ്ങാവുന്നതാണ്. റേഷൻ വാങ്ങിയത് സംബന്ധിച്ച വിവരങ്ങൾ റേഷൻ കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള ഫോൺ നമ്പരിലേയ്ക്ക് മെസ്സേജ് ആയി നൽകുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | റേഷൻ കടകളിലെ സ്റ്റോക്കിൽ ക്രമക്കേട് കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് KTPDS (Control) Order, 2021 നെ അടിസ്ഥാനപ്പെടുത്തിയുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ